**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1536** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രതിച്ഛായ ഉയർത്താൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. വർഗ്ഗീസ് മാമ്മൻ
ശ്രീ. റെജി ചെറിയാൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ശബരിമല സ്വർണ്ണക്കൊള്ളയുൾപ്പെടെയുള്ള ക്രമക്കേടുകളിൽ പങ്കാളികളും ആരോപണ വിധേയരുമായ ഉദ്യോഗസ്ഥർക്ക് നിർണായക തസ്തികളിൽ നിയമനം നൽകിക്കൊണ്ടുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സർക്കുലർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** ശബരിമല സ്വർണ്ണക്കൊള്ള ഉൾപ്പെടെയുള്ള ക്രമക്കേടുകളിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിർണായക തസ്തികകളിൽ സ്ഥലംമാറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ 13-06-2026-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് നൽകിയിരുന്നു. ഭക്തരുടെയും പൊതുജനങ്ങളുടെയും വിശ്വാസ്യത സംരക്ഷിച്ച്, സത്യസന്ധരായ ഉദ്യോഗസ്ഥരെ ശബരിമല ഉൾപ്പെടെ സുപ്രധാന തസ്തികകളിൽ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ച് നിയമനം നൽകണമെന്ന കർശന നിർദേശം നൽകിയിട്ടുണ്ട്.

**(ബി)** വിശ്വാസികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായ നിയമന/സ്ഥലംമാറ്റ തീരുമാനങ്ങൾ അടങ്ങിയ പ്രസ്തുത സർക്കുലർ പുനഃപരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദമാക്കാമോ;

**<u>മറുപടി:</u>** ശബരിമല സ്വർണ്ണക്കൊള്ള ഉൾപ്പെടെയുള്ള ക്രമക്കേടുകളിൽ ആരോപണവിധേയരായ ഉദ്യോഗസ്ഥർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിർണായക തസ്തികകളിൽ സ്ഥലംമാറ്റം നൽകിക്കൊണ്ടുള്ള ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനെതിരെ 13-06-2026-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റിന് കത്ത് നൽകിയിരുന്നു. ഭക്തരുടെയും പൊതുജനങ്ങളുടെയും വിശ്വാസ്യത സംരക്ഷിച്ച്, സത്യസന്ധരായ ഉദ്യോഗസ്ഥരെ ശബരിമല ഉൾപ്പെടെ സുപ്രധാന തസ്തികകളിൽ മാനദണ്ഡങ്ങൾ പൂർണമായും പാലിച്ച് നിയമനം നൽകണമെന്ന കർശന നിർദേശം നൽകിയിട്ടുണ്ട്.

**(സി)** തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നഷ്ടപ്പെട്ട പ്രതിച്ഛായയും പ്രവർത്തനങ്ങളുടെ വിശ്വാസ്യതയും വീണ്ടെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശബരിമലയിലും മറ്റ് ക്ഷേത്രങ്ങളിലും എല്ലാ ഇടപാടുകളും സുതാര്യമാക്കുന്നതിനായി വിപുലമായ ഡിജിറ്റലൈസേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ മനോഭാവത്തിലും പെരുമാറ്റത്തിലും മാറ്റമുണ്ടാക്കാനും നൈപുണ്യം വികസിപ്പിക്കുന്നതിനുമായി ഒരു പരിശീലന വിംഗ് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ആഡിറ്റ് പരാമർശങ്ങളും വിജിലൻസ് നിരീക്ഷണങ്ങളും കൃത്യമായി പിന്തുടർന്ന് പരിഹരിക്കുന്നതിന് കാര്യക്ഷമമായ നടപടികളും, മരാമത്ത് പ്രവർത്തികൾ മുൻകൂട്ടി നിശ്ചയിച്ച പട്ടികയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**